# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5231 — 05.07.2012 ൽ മറുപടിയ്ക്ക്

## ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ; | (എ) എൻ.സി.ഡി.സി. യുടെ സഹായത്തോടെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം, പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം, സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) എന്നീ പദ്ധതികൾ പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. ധനസഹായം നൽകി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം ധനസഹായങ്ങൾ കോർപ്പറേഷൻ നൽകുകയുണ്ടായി; വിശദാംശങ്ങൾഎന്തെല്ലാം; | (ബി) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം 2011-12 സാമ്പത്തിക വർഷത്തിൽ ദേശീയ സഹകരണ വികസന കോർപ്പറേഷൻ 3876.21 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ സംസ്കരണ യൂണിറ്റുകൾക്കും പീഡിത സംസ്കരണ യൂണിറ്റുകൾക്കും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയത്; വിശദമാക്കുമോ? | (സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ സംസ്കരണ യൂണിറ്റുകൾക്കും പീഡിത സംസ്കരണ യൂണിറ്റുകൾക്കും 2,33,05,000/- രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 1 | കടുത്തുരുത്തി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം | 31,25,000 രൂപ |

| | | |
|---|---|---|
| 2 | കാസർഗോഡ് പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് സഹകരണ സംഘം | 8,00,000 രൂപ |
| 3 | റ്റീകോയ് സഹകരണ റ്റീ ഫാക്ടറി | 5,55,500 രൂപ |
| 4 | റബ്ടക് | 1,88,24,500 രൂപ |
| | **ആകെ** | **2,33,05,000 രൂപ** |

സെക്ഷൻ ഓഫീസർ

5231 അനുബന്ധം

## ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിന് ചുവടെപ്പറയുന്ന പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു

1. <u>പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം</u>

1) ഉപഭോക്തൃ ഫെഡറേഷൻ, മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം
2) നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ ഇവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം
3) സംസ്ക്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം
4) ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം
5) സംസ്ഥാന/ജില്ല/ പ്രാദേശികതല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി
6) സഹകരണമേഖലയിലെ ദുർബ്ബല കാർഷിക സംസ്ക്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള സഹായം
7) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം
8) പട്ടിക ജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും സഹായം
9) സഹകരണആശുപത്രികൾ, വനിതാ സഹകരണസംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവന മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് സഹായം
10) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായം
11) എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതിപ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം
12) എൻ.സി.ഡി.സി.യുടെ പദ്ധതിപ്രകാരമുള്ള ദുർബ്ബലവും എന്നാൽ വികസിക്കുവാൻ സാധ്യതയുള്ളതുമായ സംഘങ്ങൾക്ക് സഹായം
13) കാർഷികമേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം

5231

## 2. പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം

1) സംഭരണശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം
2) സംസ്ഥാന/ജില്ലാ/പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻമണി സഹായം
3) വിപണനസംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം
4) പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബ്ബലവിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം
5) സഹകരണസംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം
6) പുഷ്പകൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം
7) കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തലസൗകര്യ വികസനം എന്നിവയ്ക്കായി സഹായം
8) എൻ.സി.ഡി.സി. യുടെ പുതിയ പദ്ധതിപ്രകാരമുള്ള ദുർബ്ബലവും എന്നാൽ വികസിക്കുവാൻ സാധ്യതയുള്ളതുമായ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്ക് സഹായം

## 3. സംയോജിതസഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ വയനാട് ജില്ലയിൽ സംയോജിത വികസന പരിപാടി നടപ്പാക്കിവരുന്ന പദ്ധതി പ്രകാരം 2012-13ൽ വയനാട് ജില്ലാ സഹകരണ ബാങ്കിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സഹായം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ